(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുതിയതായി എന്തെങ്കിലും പരിപാടി പ്രസ്തുത ആശുപത്രിയിൽ നടപ്പാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി), (സി) 40 കിടക്കകളുള്ള ശിശുവിഭാഗം വാർഡ് നിർമ്മിക്കുന്നതിന് 4,81,000 രൂപയുടെ അടങ്കൽ അനുവദിച്ചിട്ടുണ്ട്. ഇതിനുവേണ്ട തുക ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

ആനന്ദപുരം പ്രൈമറി ഹെൽത്ത് സെൻറർ

1343 [2163] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനന്ദപുരം പ്രൈമറി ഹെൽത്ത് സെൻറർ ഒരു ആശുപത്രിയായി ഉയർത്തുന്നതിനുള്ള ഏതെങ്കിലും നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 36 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ 30 ബഡ്ഡുകളുള്ള ആശുപത്രികളാക്കുന്നതിനുള്ള പദ്ധതിയിൽ ആനന്ദപുരം പ്രാഥമികാരോഗ്യകേന്ദ്രവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാറ്റം

1344 [2164] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 3 കൊല്ലത്തിൽ കൂടുതൽ ഒരു സ്ഥലത്തു ജോലി ചെയ്തിരുന്നവരും പുതിയ മാറ്റ ഉത്തരവ് അനുസരിച്ചു മാറ്റത്തിന് യോഗ്യതയുള്ളവരുമായ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ എണ്ണം ജോലിയുടെ അടിസ്ഥാനത്തിൽ പറയാമോ;

(ബി) ഈ പുതിയ മാറ്റ ഉത്തരവ് ആരോഗ്യവകുപ്പിലെ എല്ലാ സർവ്വീസ് സംഘടനകളും അംഗീകരിച്ചിട്ടുണ്ടോ;

(സി) ഈ ഉത്തരവ് കർശനമായി പാലിക്കാൻ ഗവൺമെൻറ് നടപടി എടുക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഈ ഉത്തരവിനോടു യാതൊരു സർവ്വീസ് സംഘടനകളും എതിർപ്പ് പ്രകടിപ്പിച്ചിട്ടില്ല. കേരളാ ഗവൺമെൻറ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ പരസ്യമായി പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഈ ഉത്തരവു കഴിയുന്നതും കർശനമായി പാലിക്കാൻ തക്ക നടപടികൾ എടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly